No. CEE/1999/MDS-2021/TA4


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# പത്രക്കുറിപ്പ്

## കേരളത്തിലെ നീറ്റ്–എം.ഡി.എസ് 2021 പുതുതായി യോഗ്യത നേടിയവർക്ക് അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അവസരം

ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സ്–2021 പ്രവേശനത്തിനുള്ള നീറ്റ് എം.ഡി.എസ്–2021 പ്രവേശന പരീക്ഷയിലെ യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തിയതു പ്രകാരം പുതുതായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിശോധിച്ച് പരിഹരിക്കുന്നതിന് **15.11.2021** മുതൽ **17.11.2021** ഉച്ചയ്ക്ക് **12.00** മണി വരെ സമയം അനുവദിച്ചിട്ടുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ നൽകിയിട്ടുള്ള **'PG Dental 2021-Candidate portal'** വഴി അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ദൃശ്യമായ **'Memo details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരം ദൃശ്യമാകുന്നതാണ്. സമയബന്ധിതമായി സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ളതിനാൽ ന്യൂനതകൾ പരിഹരിക്കുന്നതിനായി മേൽ തീയതിക്കു ശേഷം യാതൊരു കാരണവശാലും സമയം അനുവദിക്കുന്നതല്ല. വിദ്യാർത്ഥികൾ അപാകതകൾ പരിഹരിക്കുന്നതിനുള്ള അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

15 .11.2021